STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.16/PR/SPMC/PHQ/2024 Date:11.02.2024

**എസ്.പി.സി സഹവാസക്യാമ്പ് സമാപിച്ചു; സെറിമോണിയൽ പരേഡിൽ മന്ത്രി കെ.എൻ ബാലഗോപാൽ അഭിവാദ്യം സ്വീകരിച്ചു**

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഒരാഴ്ചത്തെ സംസ്ഥാനതല സഹവാസക്യാമ്പിന് സമാപനമായി. തിരുവനന്തപുരം എസ്.എ.പി ആസ്ഥാനത്ത് നടന്ന ക്യാമ്പിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി അറുനൂറിൽപരം കേഡറ്റുകളും പോലീസ് ഉദ്യോഗസ്ഥരും അധ്യാപകരും പങ്കെടുത്തു.

സമാപനത്തോടനുബന്ധിച്ച് രാവിലെ എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന സെറിമോണിയൽ പരേഡിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ അഭിവാദ്യം സ്വീകരിച്ചു. 24 പ്ലാട്ടൂണുകൾ പരേഡിൽ പങ്കെടുത്തു. കണ്ണൂർ സിറ്റിയിലെ പട്ടാനൂർ കെ.പി.സി.എച്ച്.എസ്.എസിലെ പി.പി അഭിനന്ദയാണ് പരേഡ് നയിച്ചത്. മലപ്പുറം ജില്ലയിലെ മേലാറ്റൂർ ആർ.എം.എച്ച്.എസ്.എസിലെ എം.ആദിഷായിരുന്നു പരേഡ് സെക്കൻറ് ഇൻ കമാണ്ടർ. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് സർക്കാർ അതീവപ്രാധാന്യമാണ് നൽകുന്നതെന്ന് മന്ത്രി അഭിവാദ്യം സ്വീകരിച്ചുകൊണ്ട് പറഞ്ഞു.

സെറിമോണിയൽ പരേഡിൽ ഏറ്റവും മികച്ച ആൺകുട്ടികളുടെ പ്ലാട്ടൂണായി തിരുവനന്തപുരം റൂറൽ ജില്ലയിലെ നാവായിക്കുളം ഗവൺമെന്റ് എച്ച്.എസ്.എസിലെ എസ്.ആർ അനന്തകൃഷ്ണൻ നയിച്ച പ്ലാട്ടൂണിനെയും മികച്ച പെൺകുട്ടികളുടെ പ്ലാട്ടൂണായി തിരുവനന്തപുരം സിറ്റിയിലെ മണക്കാട് ജി.വി എച്ച്.എസ്.എസിലെ വർഷ വി.മനോജ് നയിച്ച പ്ലാട്ടൂണിനെയും തിരഞ്ഞെടുത്തു. വിജയികൾക്ക് മന്ത്രി ട്രോഫികൾ വിതരണം ചെയ്തു.

സഹവാസ ക്യാമ്പിന്റെ ഭാഗമായി നിരവധി വിശിഷ്ട വ്യക്തികളാണ് കുട്ടികളുമായി സംവദിക്കാനെത്തിയത്. നിയമസഭ, വിഴിഞ്ഞം തുറമുഖം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അരുവിക്കര ജലശുദ്ധീകരണശാല, മുട്ടത്തറ സ്വീവറേജ് പ്ലാൻറ്, ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ, മാധ്യമസ്ഥാപനം എന്നിവ കുട്ടികൾ

സന്ദർശിച്ചു. പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല എസ്.പി.സി ക്വിസ് മത്സരത്തിൽ തിരുവനന്തപുരം റൂറൽ, പത്തനംതിട്ട, കൊല്ലം സിറ്റി എന്നിവയാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയത്.

വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടിയാണ് കഴിഞ്ഞ ഞായറാഴ്ച തിരുവനന്തപുരത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തത്.

ഫോട്ടോ ക്യാപ്ഷൻ തിരുവനന്തപുരം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ സെറിമോണിയൽ പരേഡിൽ മന്ത്രി കെ.എൻ ബാലഗോപാൽ അഭിവാദ്യം സ്വീകരിക്കുന്നു.

********************